**<u>14 -ാം കേരള നിയമസഭ</u>**

**<u>22 -ാം സമ്മേളനം</u>**

**<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2938</u>** **<u>22-01-2021 - ൽ മറുപടിയ്ക്ക്</u>**

**<u>അബ്കാരി ഷാപ്പുകളുടെ അനുമതി</u>**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . എൽദോസ് പി. കുന്നപ്പിള്ളിൽ | | Shri. T. P . Ramakrishnan<br>(തൊഴിലും എക്സൈസും വകുപ്പുമന്ത്രി) | |
| (എ) | അബ്കാരി ഷാപ്പുകൾ തുറക്കുവാൻ അനുമതി നൽകുന്നതിന് ഗ്രാമപഞ്ചായത്തുകൾക്കും ഗ്രാമസഭകൾക്കും ഉണ്ടായിരുന്ന ഏതൊക്കെ അധികാരങ്ങളാണ് ഈ സർക്കാർ എടുത്ത് കളഞ്ഞത്; വിശദമാക്കാമോ; | (എ) | ഗ്രാപഞ്ചായത്തുകൾക്കും നഗരസഭകൾക്കും ഉണ്ടായിരുന്ന കേരളാ പഞ്ചായത്ത് രാജ് ആക്ടിലെ 232-ാം വകുപ്പിലും കേരളാ മുനിസിപ്പാലിറ്റി ആക്ടിലെ 447-ാം വകുപ്പിലും ഉൾക്കൊള്ളിച്ചിരുന്ന ചുവടെ ചേർക്കുന്ന അധികാരങ്ങളാണ് ഈ സർക്കാർ എടുത്ത് കളഞ്ഞത്. (i) ഒരു ഗ്രാമപഞ്ചായത്തിന്റെയോ നഗരസഭയുടെയോ മുൻകൂർ അനുമതിയില്ലാതെ അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ പ്രദേശത്തിനുള്ളിൽ അബ്കാരി ഷോപ്പ് സ്ഥാപിക്കുവാൻ പാടില്ല. (ii) പൊതു സമാധാനത്തിന്റെയോ സൻമാർഗ്ഗത്തിന്റെയോ താത്പര്യത്തിലോ സൗകര്യമോ ശല്ല്യമോ കാരണമായോ ഒരു അബ്കാരി ഷോപ്പ് അത് സ്ഥിതിചെയ്യുന്ന സ്ഥലത്തുനിന്നും ഇതിനായി നിർദ്ദേശിക്കാവുന്ന പതിനഞ്ച് ദിവസത്തിൽ കവിയാത്ത സമയപരിധിക്കുള്ളിൽ മറ്റൊരു സ്ഥലത്തേക്ക് മാറ്റുവാനോ അല്ലെങ്കിൽ അടയ്ക്കുവാനോ ഉത്തരവ് നൽകുവാൻ ഒരു ഗ്രാമപഞ്ചായത്തിന്/നഗരസഭയ്ക്ക് അധികാരമുണ്ടായിരിക്കുന്നതാണ്. |
| (ബി) | ധാർമികതയുടെയും ശല്യത്തിന്റെയും അടിസ്ഥാനത്തിൽ അബ്കാരി ഷാപ്പുകൾ മാറ്റി സ്ഥാപിക്കുന്നതിനും അടച്ചുപൂട്ടുന്നതിനും ഉത്തരവ് നൽകുന്നതിന് ഗ്രാമപഞ്ചായത്തുകൾക്ക് അധികാരം ഉണ്ടായിരുന്നോ; പ്രസ്തുത അധികാരം എടുത്ത് കളഞ്ഞത് ഏത് സാഹചര്യത്തിലാണ്; വ്യക്തമാക്കുമോ? | (ബി) | ഉണ്ടായിരുന്നു. മദ്യശാലകൾ അനുവദിക്കുമ്പോൾ എൻ.ഒ.സി. നൽകുന്നതിന് പഞ്ചായത്തുകൾക്കും മുനിസിപ്പാലിറ്റികൾക്കും നൽകിയിരുന്ന അധികാരം സംസ്ഥാനത്ത് പൊതുവായ മദ്യനയം നടപ്പാക്കുന്നതിന് തടസ്സമായിവന്നു. പല പഞ്ചായത്തുകളും മുനിസിപ്പാലിറ്റികളും മദ്യശാലകൾക്ക് എൻ.ഒ.സി. നൽകുകയും ചില പഞ്ചായത്തുകൾ നിരസിക്കുകയും ചെയ്യുന്ന സാഹചര്യം നിലനിന്നിരുന്നു. മാത്രമല്ല കഴിഞ്ഞ സർക്കാർ കൊണ്ടുവന്ന നിയമത്തിൽ നിലവിലുണ്ടായിരുന്ന മദ്യശാലകൾക്ക് ഈ നിയമം ബാധകമാക്കിയിരുന്നില്ല. ഇതുമൂലം നിലവിലുണ്ടായിരുന്ന മദ്യശാലകളെ സഹായിക്കുന്ന |

| | | | |
|---|---|---|---|
| | | | തരത്തിലാണ് നിയമം പ്രാവർത്തികമാക്കിയതെന്ന ആക്ഷേപം നിലനിന്നിരുന്നു. ഈ വിവേചനം അവസാനിപ്പിക്കുന്നതിനും കൂടിയാണ് പ്രസ്തുത അധികാരം എടുത്തുകളഞ്ഞത്. |

സെക്ഷൻ ഓഫീസർ